മേഖലകളുമായി ബന്ധപ്പെട്ട് കിടക്കുന്നതുകൊണ്ട് അതിനൊരു നിയമനിർമ്മാണം അനിവാര്യമാണ്. അത്തരം കാര്യങ്ങൾ നിർവ്വഹിക്കുവാനും നടത്തിക്കൊണ്ടു പോകുവാനും കഴിയുന്നതുകൊണ്ട് തീർച്ചയായിട്ടും ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. ഗവൺമെന്റിന്റെ സജീവ പരിഗണനയിൽ ഉണ്ടാകേണ്ട. വിഷയമാണ്. അക്കാര്യം ഓർമ്മിപ്പിക്കുവാനും ചിന്തിപ്പിക്കുവാനുമാണ് ഞാൻ ഈ വിഷയം അവതരിപ്പിച്ചിത്.

(ചർച്ച തുടരും)

12. 2000-ലെ കേരള ക്ലോസ്ഡ് ഫാക്ടറി വർക്കേഴ്സ് സമാശ്വാസനിധി ബിൽ

(ശ്രീ. കെ. പി. രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, 2000-ലെ കേരള ക്ലോസ്ഡ് ഫാക്ടറി വർക്കേഴ്സ് സമാശ്വാസ നിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആന്റണി രാജു : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഇന്നത്തെ സാമ്പത്തിക നില വച്ചുകൊണ്ട് ഇങ്ങനെയൊന്ന് ചെയ്യാൻ സാദ്ധ്യമല്ല. അടച്ചുപോയ ഫാക്ടറി തുറപ്പിക്കുന്നതിനുള്ള നടപടിയാണ് ഇന്ന് എടുത്തുകൊണ്ടിരിക്കുന്നത്. ഫാക്ടറികൾ അടയ്ക്കാതിരിക്കാനും അടച്ചാൽ തുറപ്പിക്കുന്നതിനും ഉള്ള നടപടി സ്വീകരിക്കുന്നുണ്ട്. ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ സാമ്പത്തിക നില അനുവദിക്കുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ബുദ്ധിമുട്ടിലാണെന്ന് പറഞ്ഞാൽ മനസ്സിലാക്കാം. പക്ഷേ ഇത് പരിശോധിക്കേണ്ട ഒരു വിഷയമാണ്. പ്രത്യേകിച്ച് വ്യവസായവകുപ്പുമന്ത്രി ഇക്കാര്യം ഈ സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. ഈ സഭയിൽ ചർച്ച ചെയ്ത സന്ദർഭത്തിൽ ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി ഇവിടെ നൽകിയ മറുപടി 250 രൂപ വീതം കൊടുക്കാൻ ഒരാലോചന നടത്തുന്നു, സാമ്പത്തികമായ ബുദ്ധിമുട്ടുകൊണ്ട് ഇപ്പോൾ ചില പ്രയാസങ്ങളുണ്ട് എന്നാണ്. കഴിഞ്ഞ ആഴ്ചയിലും നിയമസഭയിൽ ഞാൻ ചോദിച്ച ചോദ്യത്തിന് മറുപടിയായിട്ട് വീണ്ടും അത് പറഞ്ഞു. പാർലമെന്റിൽ ധനകാര്യമന്ത്രി കൊണ്ടുവന്ന ബഡ്ജറ്റിൽ ഏറ്റവും പ്രധാനമായും കൈ വച്ചിരിക്കുന്നത് എവിടെയാണ് ? നമ്മുടെ വ്യവസായങ്ങളെ, പബ്ലിക് സെക്ടറിനെ, തൊഴിലാളികളുടെ അവകാശങ്ങളെ, തൊഴിൽ നിയമങ്ങളെ, ഒക്കെയാണ്. ഒരു സ്ഥാപനം അടച്ചുപൂട്ടുന്നതിനെ സംബന്ധിച്ച് തൊഴിലാളികൾക്കും വ്യവസായികൾക്കും നൽകുന്ന സംരക്ഷത്തെ സംബന്ധിച്ച് ഒക്കെ ഐ.ഡി. ആക്ടിലുണ്ട്. പല നിയമങ്ങളിലുമുണ്ട്. അതെല്ലാം എടുത്തുകളയുകയല്ലേ ? ആ നിയമങ്ങളൊക്കെ ഭേദഗതി ചെയ്യും എന്നുപറഞ്ഞു. രണ്ടാം ലേബർ കമ്മീഷൻ ആലോചിക്കുന്ന വിഷയങ്ങളിൽപ്പെടുത്തിയ ഒന്നാണ് ഇതൊക്കെ. പക്ഷേ രണ്ടാം ലേബർ കമ്മീഷന്റെ റിപ്പോർട്ട് വന്നിട്ടില്ലെങ്കിലും ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിച്ചുകൊണ്ട് നടത്തിയ പ്രസ്താവനയിൽ പറഞ്ഞു കഴിഞ്ഞു. 100 പേർ വരെ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഗവൺമെന്റിന്റെ അനുവാദം വാങ്ങണ്ട എന്നുള്ളതു മാറ്റി 1000 പേർ എന്നുവച്ചാൽ കേരളത്തിലും ഇന്ത്യാ രാജ്യത്തുമുള്ള ഏത് വ്യവസായസ്ഥാപനവും മുതലാളിമാർക്ക്, ബന്ധപ്പെട്ട മാനേജ്മെന്റിന് ഇഷ്ടംപോലെ അടച്ചുപൂട്ടിപ്പോകാം. നമ്മുടെ സ്റ്റേറ്റിൽ ഉൾപ്പെടയാണ്. ഗ്രാറ്റുവിറ്റിയില്ല. അടച്ചു പൂട്ടിപ്പോകുന്ന സ്ഥാപനത്തിന് കൊടുക്കേണ്ട റിട്രഞ്ചുമെന്റ് കോമ്പൻസേഷൻ ഇല്ല. അവർക്ക് കൊടുക്കേണ്ട പി.എഫ്. ആനുകൂല്യങ്ങൾ കൊടുക്കുന്നില്ല. തൊഴിലാളികൾക്ക് ഒരാനുകൂല്യവും കൊടുക്കാതെ സ്ഥാപനം അടഞ്ഞു കിടക്കുകയാണ്. ക്ലോസ് ചെയ്തിട്ടുണ്ടോയെന്ന് ചോദിച്ചാൽ ക്ലോസ് ചെയ്തിട്ടില്ല, പെർമെനന്റ് ആയിട്ട് ക്ലോഷർ അല്ല. പെർമെനന്റ് ക്ലോഷർ ആണെങ്കിൽ അതനുസരിച്ചുള്ള ആനുകൂല്യങ്ങൾ കൊടുക്കണം. മിനിസ്റ്റർക്ക് അറിയാമല്ലോ ട്രേഡ് യൂണിയൻ നേതാവല്ലേ ? ലോക്ക് ഔട്ട് ആണോ ? ലോക്ക് ഔട്ട് അല്ല. സ്ഥാപനമുണ്ടോ ? സ്ഥാപനമുണ്ട്, ബോർഡുണ്ട്, ആരെങ്കിലും വന്നിരിക്കുന്നുണ്ട്. തൊഴിലാളികൾക്ക് പണിയില്ല, ആനുകൂല്യങ്ങളില്ല, വേജ് ഇല്ല. അങ്ങനെ നിരവധി സ്ഥാപനങ്ങൾ നമ്മുടെ സ്റ്റേറ്റിലുണ്ട്. ഞങ്ങളൊക്കെ നിരന്തരമായി ആവശ്യപ്പെട്ട് വരുന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് കഴിഞ്ഞ ഓണക്കാലത്ത് തൊഴിലാളികൾക്ക് ആനുകൂല്യം 1000 രൂപ വച്ച് കൊടുത്തു. സ്ഥിരമായിട്ട് അടച്ചു പൂട്ടിക്കിടക്കുന്ന, തൊഴിലാളിക്ക് ആനുകൂല്യം കൊടുക്കാതെ അടുച്ചുപൂട്ടിക്കിടക്കുന്ന സ്ഥാപനത്തിലെ തൊഴിലാളികൾക്ക് ജീവിക്കുവാനാവശ്യമായ വേതനം കൊടുക്കണമെന്നത് ഏറ്റവും മാനുഷികമായി പരിഗണിക്കേണ്ട ഒരു വിഷയമാണ്. പശ്ചിമബംഗാളിൽ മാത്രമല്ല തമിഴ്നാട്ടിലും 500 രൂപ കൊടുക്കുന്ന നിയമം പാസ്സാക്കി. ബംഗാളിൽ 500 രൂപ കൊടുക്കുന്ന നിയമം പാസ്സാക്കി. കേരളത്തിന് തൊട്ട് കിടക്കുന്ന തമിഴ്നാട്ടിൽ നിയമമുണ്ട്, പശ്ചിമബംഗാളിൽ നിയമമുണ്ട്. നിയമത്തിന്റെ എല്ലാ കോപ്പിയും എന്റെ കൈയിലുണ്ട്. ഞാൻ മിനിസ്റ്റർക്ക് എത്തിച്ചു തരാം. പശ്ചിമബംഗാളിലും തമിഴ്നാട്ടിലും ചെയ്ത മാതൃകയിൽ കേരളത്തിലെ തൊഴിലാളികൾക്ക് അനുകൂലമായി ചെയ്യണം. തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കുന്നതിന് ഇന്ത്യയിൽ ആദ്യമായി നിയമം കൊണ്ടുവന്നത് ഈ സഭയാണ്. നമ്മുടെ ഈ കേരള നിയമസഭയാണ് .സ്ത്രീ തൊഴിലാളികൾക്ക് പ്രസവകാലവേതനം കൊടുക്കാൻ നിയമം കൊണ്ടു വന്നത് ഈ സഭയാണ്. അതു പിന്നീട് രാജ്യത്തിന്റെ മുഴുവൻ നിയമമായി. അതുപോലെ രാജ്യത്തിന് മുഴുവൻ മാതൃകയാകുന്ന വിധത്തിൽ പാവപ്പെട്ട തൊഴിലാളികളെ അവരുടെ കുടുംബങ്ങളെ സംരക്ഷിക്കുവാൻ കഴിയുന്ന ചെറിയ ആശ്വാസ വേതനം പ്രതിമാസം 1000 രൂപ കൊടുക്കേണ്ടത് സർക്കാരിന്റെ കടമയും ചുമതലയും ബാദ്ധ്യതയുമാകുന്ന ഒരു നിയമമാണ്. അത് തൊഴിലാളികളെ സംബന്ധിക്കുന്ന പ്രധാനപ്പെട്ട കാര്യമായത് കൊണ്ടാണ് ഞാൻ രണ്ട് മിനിട്ട് കൂടുതൽ എടുത്തത്. അത് ചെയ്താൽ കേരളത്തിലെ തൊഴിലാളികൾ എന്നും ഈ ഗവൺമെന്റിനോട് നന്ദിയും കടപ്പാടുമുള്ളവരായിരിക്കും.

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly